(1)	(2)	(3)	(4)
ഇടുക്കി	8	..	..
എറണാകുളം	14	5	3
തൃശ്ശൂർ	8	5	..
പാലക്കാട്	1	8	..
മലപ്പുറം	2	7	..
കോഴിക്കോട്	5	5	2
കണ്ണൂർ	6	5	2
കാസർഗോഡ്	3	..	1
വയനാട്	1	..	..
	96	39	12

(ബി) എലിപ്പനി, ഡങ്കിപ്പനി, മലമ്പനി എന്നീ രോഗങ്ങളെ കുറിച്ചുള്ള ഫോൾഡർ എല്ലാ ജില്ലാ ആരോഗ്യ വകുപ്പ് കേന്ദ്രങ്ങളിലും വിതരണം ചെയ്യുകയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുകളിൽ കൂത്താടികളെ തിന്നു നശിപ്പിക്കുന്ന ഗമ്പൂസിയ, ഗപ്പി, മാനത്തുകണ്ണി മുതലായ മത്സ്യങ്ങളെ വളർത്തുക തുടങ്ങിയ പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എലിനശീകരണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ചപ്പുചവറുകൾ നശിപ്പിക്കുക, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവ നല്ലതുപോലെ കഴുകി മാത്രം ഉപയോഗിക്കുക, മലിനജലത്തിൽ മുഖം കഴുകുകയോ കുളിക്കുകയോ ചെയ്യരുത്, കൃഷിയിടങ്ങളിലും വെള്ളത്തിലും പണിയെടുക്കുമ്പോൾ മുറിവുകൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക എന്നീ പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളുടെ ഇടയിൽ ഫോൾഡർ മുഖാന്തിരം അറിയിച്ചുവരുന്നു. കൂടാതെ പത്രക്കുറിപ്പുകൾ മുഖേനയും ജനങ്ങൾക്കുവേണ്ട മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ക്ലോറിനേഷൻ നടത്തിവരുന്നുണ്ട്. ഫീവർ സർവൈലൻസും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും നടത്തിവരുന്നു.

മഞ്ഞപ്പിത്ത രോഗവും പ്രതിവിധിയും

122 [898] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തായി മഞ്ഞപ്പിത്തരോഗം വ്യാപകമായി പടർന്നുപിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര രോഗികൾ സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്ക് എത്തുന്നുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മഞ്ഞപ്പിത്തരോഗം ബാധിച്ച് കോട്ടയം ജില്ലയിൽ കഴിഞ്ഞ മാസത്തിനിടയ്ക്ക് എത്രപേർ മരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) രോഗകാരണം കണ്ടെത്താൻ ആരോഗ്യവകുപ്പ് എന്തെങ്കിലും അന്വേഷണമോ, പരിശോധനയോ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7769 പേർ ചികിൽസ തേടി എത്തിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 6 പേർ.

(ഡി) രോഗകാരണം കണ്ടെത്താൻ ആരോഗ്യ വകുപ്പ് വിപുലമായ പരിശോധനകളാണ് നടത്തിവരുന്നത്. രോഗം പിടിപെട്ട ആളുകളുടെ രക്തം, മൂത്രം എന്നിവയുടെ പരിശോധന മെഡിക്കൽ കോളേജിലും ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലിലും, താലൂക്കാശുപത്രികളിലെ ലബോറട്ടറികളിലും നടന്നുവരുന്നു.

മെഡിക്കൽ കോളേജിലെ ക്യാന്റീൻ, സമീപപ്രദേശങ്ങളിലെ തട്ടുകട, ഹോട്ടലുകൾ, പരിസരപ്രദേശത്തെ കിണറുകൾ മറ്റ് ജല സ്രോതസ്സുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പരിശോധനയും ക്രമമായി നടന്നുവരുന്നുണ്ട്. 24-1-2005-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനയിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും ഹെൽത്ത് സർവ്വീസിലെയും വിദഗ്ദ്ധ സംഘം മെഡിക്കൽ കോളേജും പരിസരപ്രദേശവും സന്ദർശിക്കുകയും ചികിൽസയിൽ ഇരിക്കുന്ന രോഗികളുടെ രക്തം അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മരണമടഞ്ഞ ഡോക്ടറുടെ ബ്ലഡ്, സിറം, മെഡിക്കൽ കോളേജിലെയും പരിസരപ്രദേശങ്ങളിലേയും വിവിധ ജലസ്രോതസ്സുകളിൽ നിന്നും വെള്ളം, മണ്ണ്, ഭക്ഷ്യവസ്തുക്കൾ എന്നിവ പരിശോധനയ്ക്കായി ശേഖരിച്ച് പൂന ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്.

(ഇ) മഞ്ഞപ്പിത്ത പ്രതിരോധങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പും, മെഡിക്കൽ വിദ്യാഭ്യാസവകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വളരെ ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി വിവിധ മേഖലയിലെ വിദഗ്ദ്ധൻമാരുടെ കൂടിയാലോചനകൾ വിവിധതലത്തിൽ നടത്തുകയും അടിയന്തിരമായി ചെയ്യേണ്ട പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഹെൽത്ത് സർവ്വീസ് ജില്ലയിൽ യുദ്ധകാലാടിസ്ഥാനത്തിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 8230 കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും 67 ഹെൽത്ത് എഡ്യൂക്കേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും 6 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2156 ഗ്രൂപ്പ് ചർച്ചകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു. 11816 ഗൃഹസന്ദർശനവും ഇതിനോടനുബന്ധിച്ച് നടത്തുകയുണ്ടായി. മെഡിക്കൽ കോളേജ് പരിസരത്തുള്ള ജലസ്രോതസ്സുകളിൽ നിന്നും 159 ജലസാംപിളുകൾ പരിശോധിക്കുകയും അതിൽ ഉപയോഗശൂന്യമായ ജല സ്രോതസ്സുകൾ മൂടുവാനുള്ള നടപടികൾ എടുത്തിട്ടുമുണ്ട്. ശീതളപാനീയങ്ങളും, ഫ്രൂട്ട്സ് ജൂസുകളും കളക്ടർ നിരോധിച്ചിട്ടുമുണ്ട്. തട്ടുകടകൾ മെഡിക്കൽ കോളേജ് പരിസരത്ത് പരിപൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് രൂപീകരിച്ച് ഹോട്ടൽ പരിശോധന, ജലസ്രോതസ്സുകളുടെ പരിശോധന, ഹെൽത്ത് കാർഡ് വിതരണം എന്നിവയ്ക്ക് മേൽനോട്ടം വഹിച്ചുവരുന്നു. ജനങ്ങളുടെ ബോധവൽക്കരണത്തിനായി പത്രക്കുറിപ്പുകൾ, മാധ്യമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ നിന്നും തിരുവനന്തപുരത്ത് നിന്നുള്ള വിദഗ്ദ്ധ സംഘവും മെഡിക്കൽ കോളേജും പരിസരവും സന്ദർശിക്കുകയും, രക്തം, സിറം, വെള്ളം, മണ്ണ്, ആഹാരപദാർത്ഥങ്ങൾ എന്നിവയുടെ സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. ഡെയ്ലി റിപ്പോർട്ടുകൾ ശേഖരിക്കാൻ ഡയറക്ടറേറ്റിലെ എപ്പിഡമിക് സെൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ഊർജ്ജിതപ്പെടുത്തുവാനും ഡയറക്ടറേറ്റിൽ നിന്നും ഒരു ടെക്നിക്കൽ ആഫീസറെ കോട്ടയം ജില്ലയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വയലൻസ് പ്രോഗ്രാമിന്റെ ഡബ്ല്യൂ. എച്ച്. ഒ. കൺസൾട്ടിനെ മഞ്ഞപ്പിത്തബാധയെക്കുറിച്ച് പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും നിയോഗിച്ചിട്ടുണ്ട്.

എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നൽകുന്ന ചികിൽസാസഹായം

123 [899] ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. സി. പി. മുഹമ്മദ് :

,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എയ്ഡ്സ് രോഗികളുണ്ട് ;

(ബി) എത്രപേർ എച്ച്.ഐ.വി. വാഹകരായുണ്ട് ; എച്ച്.ഐ.വി. വാഹകരെ ചികിൽസിക്കുവാൻ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം സഹായം നൽകുന്നു ;

(സി) ഈ സൊസൈറ്റി നൽകിയ ചികിൽസാ സഹായം കൊണ്ട് എത്ര എച്ച്.ഐ.വി. വാഹകർ രോഗവിമുക്തരായി എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly